**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ പൈവള്ളികെ ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കേ മരണമടഞ്ഞ നവീന ശങ്കര നായിക്കിന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി വിനുത കെ.എൻ. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ പഞ്ചായത്തു വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.158/2019/തസ്വഭവ. തീയതി, തിരുവനന്തപുരം,06/12/2019.**

---

പരാമർശം :
1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/05/1999.
2) സ.ഉ.(കൈ) നം.192/2018/തസ്വഭവ തീയതി 26/12/2018.
3) ശ്രീമതി വിനുത കെ.എൻ. ന്റെ 09/01/2018 ലെ അപേക്ഷ.
4) പഞ്ചായത്ത് ഡയറക്ടറുടെ 08/03/2019 ലെ PAN/2981/2019-E14(DP) നം. കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ പൈവള്ളികെ ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കേ മരണമടഞ്ഞ ശ്രീ. നവീന ശങ്കര നായിക്കിന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി വിനുത.കെ.എൻ. ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു

കാസർഗോഡ് ജില്ലയിലെ പൈവള്ളികെ ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലർക്കായിരിക്കെ 12.04.2015 ലാണ് നവീന ശങ്കര നായിക് നിര്യാതനാവുന്നത്. ടിയാന് 19 വർഷവും 3 മാസവും 17 ദിവസവും സേവനകാലമുണ്ട്. അപേക്ഷകയായ ശ്രീമതി. വിനുത കെ.എൻ. പരേതന്റെ ഭാര്യയാണ്. ടിയാൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസം പരാമർശം (2) പ്രകാരം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അപേക്ഷകയുടെ ജനനതീയതി 11.09.1975 ആണ്. അപേക്ഷകയ്ക്ക് 44 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക ഒൻപതാം ക്ലാസ് പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കാസർഗോഡ് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനത്തിനായാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം പരേതനായ നവീന ശങ്കര നായികിന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം , സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 48,000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും , കാസർഗോഡ് ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ പൈവള്ളികെ ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കേ മരണമടഞ്ഞ ശ്രീ. നവീന ശങ്കര നായിക്കിന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി. കെ.എൻ.വിനുതയുടെ (സന്ദേശ, അടുക്കത്ത് ബയൽ, കാസറഗോഡ് പി.ഒ-671121.) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ ആദ്യം ഒഴിവു വരുന്നതോ ആയ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു

5. മരണമടഞ്ഞ നവീന ശങ്കര നായികിന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാളെ ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**ഗവ. അഡീഷണൽ സെക്രട്ടറി**

ശ്രീമതി. വിനുത കെ.എൻ, സന്ദേശ, അടുക്കത്ത് ബയൽ,കാസറഗോഡ് പി.ഒ-671121. (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.( അനുബന്ധ രേഖകൾ സഹിതം മടക്കുന്നു).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പൈവള്ളികെ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/118/18/തസ്വഭവ).

ഉത്തരവിൻപ്രകാരം

Danij MJ

സെക്ഷൻ ഓഫീസർ